ഭരണഭാഷ-മാതൃഭാഷ

# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ(ഇൻ ചാർജ്)-ന്റെ നടപടിക്രമം

(ഹാജർ : സബിൻ സമീദ്.)

എൽആർഇ(5)-2000/2019 തീയതി : 06-09-2019

*****************************************************************************

| | | |
|---|---|---|
| വിഷയം | : | ജീവനക്കാര്യം- ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തിക- സ്ഥലംമാറ്റം- ഉത്തരവാകുന്നു. |
| വായന | 1. | ഈ കാര്യാലയത്തിലെ 04/09/2019-ലെ എൽ.ആർ.ഇ5/2000/2019 നമ്പർ നടപടിക്രമം. |
| | 2. | ശ്രീ.വിനോദ്കുമാർ.വി.ജൂനിയർ സൂപ്രണ്ടിന്റെ അപേക്ഷ,തീയതി-06/09/2019. |

ലാൻഡ് റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി നടപടിക്രമം പ്രകാരം കൊല്ലം ജില്ലയിലേക്കു സ്ഥലംമാറ്റം അനുവദിക്കപ്പെട്ട ശ്രീമതി അജന്തകുമാരി.ഡി ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് നിലവിൽ ജോലി ചെയ്യുന്ന ജില്ല മലപ്പുറം ആണെങ്കിലും ആയത് കാസറകോട് എന്ന് തെറ്റായാണ് ടി നടപടിക്രമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ മേൽപരാമർശം നടപടിക്രമത്തിൽ ടിയാൻ നിലവിൽ ജോലി ചെയ്യുന്ന ജില്ല കാസറകോട് എന്നു രേഖപ്പെടുത്തിയിരുന്നത് മലപ്പുറം എന്നു തിരുത്തിയും അപ്രകാരം പരാമർശം (1) നടപടിക്രമം ഭേദഗതി ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (1) ഉത്തരവു പ്രകാരം കാസറകോട് ജില്ലയിൽ നിന്നും പാലക്കാട് ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കപ്പെട്ട ശ്രീ,വിനോദ്കുമാർ,വി-ക്ക് നിലവിൽ ലഭിച്ച സ്ഥലംമാറ്റം റദ്ദു ചെയ്യണമെന്നും ടിയാന് കൊല്ലം /പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതുവരെ കാസറകോട് ജില്ലയിൽ നിലനിർത്തണമെന്നും പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ,വിനോദ്കുമാർ,വി-ക്ക് കാസറകോട് ജില്ലയിൽ നിന്നും പാലക്കാട് ജില്ലയിലേക്ക് അനുവദിച്ച സ്ഥലംമാറ്റം റദ്ദു ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

ഈ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിൽ ചുവടെ പറയും പ്രകാരമുള്ള ഭേദഗതികൾ വരുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

| പരാമർശം (1) ഉത്തരവിലെ ക്രമ നമ്പർ | പേര് | നിലവിൽ ജോലി നോക്കി വരുന്ന ജില്ല | പരാമർശം (1) ഉത്തരവു പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്ന ജില്ല | നിലവിൽ മാറ്റി നിയമിക്കുന്ന ജില്ല |
|---|---|---|---|---|
| 27 | ഈസാ ബിൻ അബ്ദുൾ കരിം | തൃശ്ശൂർ | വയനാട് | പാലക്കാട് |
| 35 | ഷിബു.എ.എൻ | തിരുവനന്തപുരം | കോഴിക്കോട് | മലപ്പുറം |

**അതോടൊപ്പം താഴെപ്പറയുന്ന ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടുമാരെ ഭരണസൗകര്യാർത്ഥം അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള ജില്ല/ഓഫീസിലേക്ക് ഉടൻപ്രാബല്യത്തിൽ മാറ്റനിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.**

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി നോക്കി വരുന്ന ജില്ല/ഓഫീസ് | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/ഓഫീസ് |
|---|---|---|---|
| 1 | അജിത് ജോയ് | കളക്ടറേറ്റ് കൊല്ലം | ഡെപ്യൂട്ടി തഹസിൽദാർ, (ഇലക്ഷൻ) താലൂക്കോഫീസ് തിരുവനന്തപുരം |
| 2 | മോഹൻരാജ്.കെ.ജി | തിരുവനന്തപുരം | കൊല്ലം |
| 3 | സജീവ്കുമാർ.പി.എ | ആലപ്പുഴ | ഡെപ്യൂട്ടി തഹസിൽദാർ, (ഇലക്ഷൻ) താലൂക്കോഫീസ് കണയന്നൂർ എറണാകുളം |

| | | | |
|---|---|---|---|
| 4 | മധുസൂദനൻ നമ്പൂതിരി | എറണാകുളം | ഡെപ്യൂട്ടി തഹസിൽദാർ, (ഇലക്ഷൻ) താലുക്കോഫീസ് ചേർത്തല, ആലപ്പുഴ |
| 5 | ശശി.കെ.കെ | കണ്ണൂർ | ഡെപ്യൂട്ടി തഹസിൽദാർ, (ഇലക്ഷൻ) താലുക്കോഫീസ് മഞ്ചേശ്വരം,കാസറകോട് |
| 6 | സി.ഗംഗാധരൻ തമ്പി | പത്തനംതിട്ട | ഡെപ്യൂട്ടി തഹസിൽദാർ, (ഇലക്ഷൻ) താലുക്കോഫീസ് ,കോന്നി ,പത്തനംതിട്ട |

ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ / ഓഫീസ് മേധാവികൾ ടി ജീവനക്കാരെ വിടുതൽ ചെയ്തും, നിയമിക്കപ്പെട്ട ജില്ല/ഓഫീസിൽ നിയമനം നൽകിയും വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ് )
**ജോയിന്റ് കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:
1) ജില്ലാ കലക്ടർ- തിരുവനന്തപുരം/ കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/എറണാകുളം/കണ്ണൂർ/കാസറകോട്.
2) അസിസ്റ്റന്റ് കമ്മീഷണർ (ആർഇ)/(എസ്.സി.)
3) കമ്മീഷണറുടെ സി.എ/ ജോയിന്റ് കമ്മീഷണറുടെ സി.എ
4) സൂപ്രണ്ട് (ഇ/ജി/റ്റി)
5)സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.